ശ്രീ. ബോണ്ടപ്പൻ നമ്പാടൻ: എന്നത്തേക്കു് ഈ വകുപ്പു് പൂർത്തിയാക്കാൻ സാധിക്കുമെന്നു് പറയാമോ?

ശ്രീ. എസ്. വരദരാജൻനായർ: സമയ ക്രിപ്തത പറയാൻ പറ്റുകയില്ല.

ശ്രീ. എം. വി. രാഘവൻ: സാംസ്കാരികവകുപ്പു് രൂപീകരിക്കാൻ തീരുമാനിച്ച സ്ഥിതിക്കു് അടിയന്തിരമായി രൂപീകരിക്കുകയും അതിനു് ഒരു മന്ത്രിയെക്കൂടി നിയമിക്കുകയും ചെയ്താൽ നന്നായിരിക്കുകയില്ലേ?

ശ്രീ. എസ്. വരദരാജൻനായർ: ശരിയായ ഒരു മന്ത്രിയെ കിട്ടാഞ്ഞിട്ടല്ല സാംസ്കാരിക വകുപ്പു് രൂപീകരിക്കാത്തതു്. മറ്റുചില നടപടികളും വേണ്ടതുകൊണ്ടു് താമസിക്കുന്നു എന്നേയുള്ളു.

ശ്രീ. പി. ബാലൻ: മാർക്സിസ്റ്റു് കക്ഷിക്കൂടി ഭരണമുന്നണിയിലേക്കു് ചേരാനിരിക്കുന്നതുകൊണ്ടു് സാംസ്കാരികവകുപ്പിന്റെ ചുമതല ശ്രീ. എം. വി. രാഘവനെ ഏൽപ്പിക്കാൻ ഭയവുണ്ടാകുമോ?

(ഉത്തരം പറഞ്ഞില്ല.)

എഡ്യൂക്കേഷൻ സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റ്

*760 [827] ശ്രീ. പി. കെ. ശ്രീനിവാസൻ:
,, വി. കെ. രാജൻ:
,, ഇ. പി. ഗോപാലൻ:
,, റഫീ. എ. മജീദ്:
,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി സ്കൂളുകൾ അനുവദിച്ചതു് എഡ്യൂക്കേഷൻ സർവ്വേ നടത്തി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങളിലാണോ;

(ബി) എഡ്യൂക്കേഷൻ സർവ്വേപ്രകാരം തയ്യാറാക്കിയ ഏതെങ്കിലും ലിസ്റ്റുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ):

(എ, ബി) 1978-79-ൽ ഇരുപത്തൊന്നു് ഹൈസ്കൂളുകൾ അനുവദിച്ചതു് ഗിരിവർഗ്ഗ പ്രദേശങ്ങളിലാണു്. 1979-80-ൽ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നേയുള്ളു. കേരളത്തിൽ ഇപ്പോൾ ഒരു മിനി സർവ്വേ അഖിലേൻഡ്യാ വിദ്യാഭ്യാസ സർവ്വേയുടെ ഭാഗമായി നടക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം ഈയാണ്ട് പകുതിയോടടുത്തു തീരും. വിവരങ്ങൾ കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുക്കുന്നതാണ്.

(സി, ഡി) കേന്ദ്ര ഗവൺമെൻറാണ് ഇതിന്റെ മുഴുവൻ ചെലവും വഹിക്കുന്നത്. അതുകൊണ്ട് കേന്ദ്രഗവൺമെൻറാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന കാര്യം തീരുമാനിക്കേണ്ടത്.

ശ്രീ. പി. കെ. ശ്രീനിവാസൻ: അർഹതയുള്ള ഏതെങ്കിലും പ്രദേശങ്ങൾ ഈ സർവ്വേ റിപ്പോർട്ടിൽ വന്നിട്ടില്ലെന്ന് ന്യായമായ പരാതിയുണ്ടോ; ഉണ്ടെങ്കിൽ അത് ദയാപൂർവ്വം പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വേ റിപ്പോർട്ടിൽ സ്ഥലങ്ങളുടെ പേരില്ല. 1955-ൽ, 65-ൽ, 73-ൽ ഒക്കെയാണ് സർവ്വേ നടന്നത്. 55-ലും 63-ലും നടന്ന സർവ്വേ റിപ്പോർട്ടിൽ സ്ഥലങ്ങളുടെ പേരില്ല. ഇത്ര ഹാബിറേഷൻസിൽ വിദ്യാഭ്യാസം ഇല്ലെന്നുമാത്രമെ പറഞ്ഞിട്ടുള്ളു.

ശ്രീ. പി. കെ. ശ്രീനിവാസൻ: 1953-നുശേഷം കൃഷിയുക്ത വനഭൂമി പതിച്ചുകൊടുത്തതിനുശേഷം പത്തുമൂവായിരം കുടുംബങ്ങൾ ആ പ്രദേശത്ത് താമസക്കാരായി വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പരിതഃസ്ഥിതി കണക്കിലെടുത്ത് ആ പ്രദേശങ്ങളിൽ സർവ്വേ റിപ്പോർട്ട് ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി, സ്കൂളുകൾ ആരംഭിക്കാൻ ഗവൺമെൻറ് ഗൗരവപൂർവ്വം ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇനി സ്കൂൾ കൊടുക്കുമ്പോൾ ആ കാര്യത്തെപ്പറ്റി പരിശോധിക്കാം.

ശ്രീ. വി. കെ. രാജൻ: ഇക്കൊല്ലം സ്കൂൾ അനുവദിക്കുമെന്ന് നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളെപ്പറ്റി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതി ലഭിച്ചിട്ടുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വേ റിപ്പോർട്ടിനെപ്പറ്റിയാണ് ചോദ്യം. സ്കൂളുകളുടെ പരാതിയെപ്പറ്റി ഈ സഭയിൽ പല തവണ ചർച്ച ചെയ്തതാണ്.

ശ്രീ. വി. കെ. രാജൻ: സർവ്വേ റിപ്പോർട്ടിന്റെ കാര്യം പറഞ്ഞു; ഇപ്പോൾ നോട്ടിഫൈ ചെയ്തിട്ടുള്ള എല്ലാ സ്ഥലങ്ങളിലും ഈ വർഷം സ്കൂളുകൾ അനുവദിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോട്ടിഫൈ ചെയ്ത എല്ലാ സ്ഥലങ്ങളിലും അനുവദിക്കുമെന്നുപറയാൻ നിവൃത്തിയില്ല. കാര്യമായ ഒബ്ജക്ഷൻസ് ഉള്ള സ്ഥലങ്ങളിൽ അനുവദിക്കാൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്: വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കാസർകോട് പ്രദേശത്തെക്കുറിച്ച് പ്രത്യേകമായി എന്തെങ്കിലും ഈ ലിസ്റ്റ് പബ്ലിഷ് ചെയ്തപ്പോൾ ഉണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ കാസർകോട്, ഇടുക്കി, മലപ്പുറം ഇതിനൊക്കെ പരിഗണന നൽകിയിട്ടുണ്ട്.

ശ്രീ. പി. ശങ്കർ: 1971-ലെ സെൻസസ് അനുസരിച്ച്, ഇടുക്കി ജില്ല അന്നില്ല, ബാക്കി 10 ജില്ലകളിൽ വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്ക ജില്ല എന്നു പറയുന്ന പാലക്കാട് ജില്ല 46 ശതമാനം പിന്നോക്കമാണ്. മലപ്പുറം ജില്ല 45 ശതമാനം പിന്നോക്കമാണ്. അപ്പോൾ ഈ ലിസ്റ്റ് അനുസരിച്ച് എങ്ങനെ 70 ശതമാനം വരുന്ന ആലപ്പുഴ ജില്ലയോട് തുല്യമാകും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ലിസ്റ്റിനെ സംബന്ധിച്ചുള്ള ചർച്ചയ്ക്ക് തയ്യാറായി ഞാൻ വന്നിട്ടില്ല. ഇത് സർവ്വേ സംബന്ധിച്ച ചോദ്യമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ; സ്കൂൾ അനുവദിക്കുന്നത് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുമെന്ന് പ്രഖ്യാപിക്കുകയും ഗവൺമെന്റ് തീരുമാനമെടുക്കുകയും ചെയ്തതിനുശേഷം എന്താണ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കാൻ താമസിക്കുന്നത്; സർവ്വേ റിപ്പോർട്ടുമായി ബന്ധപ്പെടുത്താതെ സ്കൂൾ അനുവദിക്കുന്നതിനുള്ള അടിസ്ഥാനമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വേ നടത്തുന്നത് കേന്ദ്രഗവൺമെന്റാണ്. ഇപ്പോൾ ഒരു മിനി സർവ്വേയാണ് നടത്തുന്നത്. ഈ വർഷം മദ്ധ്യത്തോടുകൂടി മാത്രമെ സർവ്വേ പൂർത്തിയാവുകയുള്ളു. ഇതുവരെ നടന്ന സർവ്വേ റിപ്പോർട്ടുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ സർവ്വേ റിപ്പോർട്ടിൽ സ്ഥലങ്ങളെപ്പറ്റി പറഞ്ഞിട്ടില്ല. സർവ്വേ റിപ്പോർട്ട് വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഒരു സ്ഥലത്തെപ്പറ്റിയും ഇതിൽ പറഞ്ഞിട്ടില്ല. ഇത്ര ഹാബിറേഷൻസ് ഉള്ളപ്പോൾ സ്കൂൾസ് ഇല്ല എന്നൊക്കെയല്ലാതെ വേറൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. കെ. സി. വാമദേവൻ: വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ജില്ലയെന്നും താലൂക്കെന്നും പറയുമ്പോൾ പല ജില്ലകളും താലൂക്കുകളും പിന്നോക്കം നിൽക്കുന്നു എന്ന് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിത്തന്ന ഗൈഡ് ബുക്കിൽ തന്നെയുണ്ട്. അങ്ങനെയുള്ളപ്പോൾ ഇവിടെ പറഞ്ഞത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പിന്നോക്കപ്രദേശം പിന്നോക്ക സമുദായം ഇവയിലൊക്കെ പെടാൻ ചിലർക്ക് craze ഉണ്ട്. അതിൽ കാര്യമൊന്നും ചിലതൊക്കെ പറയുന്നതല്ലാതെ ഏതൊരു പിന്നോക്കവും സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽ മാത്രമെ കാണാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly